## റിപ്പോർട്ട് സമർപ്പണം

<u>സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

<u>ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട്</u>

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 01.04.2015 മുതൽ 31.03.2016 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, നിയമസഭാംഗങ്ങളായ നമ്മളെല്ലാവരും പ്രസംഗിക്കുന്നതിന്റെ സംഗ്രഹം തയ്യാറാക്കുമ്പോൾ പ്രധാനപ്പെട്ട

പോയിന്റുകൾ വിട്ടുപോകുകയാണ്. ഞാൻ അങ്ങേയ്ക്ക് ഇതുസംബന്ധിച്ച് ഒരു കത്ത് നൽകിയിരുന്നു. സാധാരണഗതിയിൽ നമ്മുടെ പ്രസംഗത്തിന്റെ മാറ്റർ സംഗ്രഹമായി, ഒരു ബുള്ളറ്റിൻ പോലെ തരുന്നതാണ്. കഴിഞ്ഞ ദിവസം എന്റെ പ്രസംഗത്തിലെ പ്രധാനപ്പെട്ട എല്ലാ ഭാഗങ്ങളും ഒഴിവാക്കിയിരിക്കുകയാണ്. അതുകൊണ്ട് അങ്ങ് നിയമസഭാ സെക്രട്ടേറിയറ്റിന് നിർദ്ദേശം കൊടുക്കണം. എല്ലാ ഭാഗങ്ങളും കൊടുക്കാൻ കഴിയില്ല. അതുകൊണ്ട് പ്രസംഗത്തിലെ പ്രസക്തഭാഗങ്ങളെങ്കിലും കൊടുക്കാനുള്ള നിർദ്ദേശം നൽകണമെന്ന് ഞാൻ അങ്ങയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. സാധാരണഗതിയിൽ അംഗങ്ങളുടെ പ്രസംഗങ്ങൾ അവർ അപ്രൂവ് ചെയ്തതിനുശേഷമാണ് സംക്ഷിപ്തമായി തയ്യാറാക്കുന്നത്. അതിൽ പ്രധാനമായി ഉദ്ദേശിക്കപ്പെട്ട കാര്യങ്ങൾ വിട്ടുപോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകും.